**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57** **28-01-2026 - ൽ മറുപടിയ്ക്ക്**

**ജലവൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാരിന്റെ കാലയളവിൽ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിലും പൂർത്തീകരണത്തിലും ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | **കേരളത്തിൽ ഏറെ സാധ്യതയുള്ളതും ദീർഘകാല അടിസ്ഥാനത്തിൽ ലാഭകരവുമായ ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ ഈ സർക്കാർ ക്രിയാത്മകമായ ഇടപെടലുകളാണ് നടത്തിവരുന്നത്.**<br><br>• ഈ സർക്കാരിന്റെ കാലയളവിൽ അപ്പർ കല്ലാർ ചെറുകിട ജല വൈദ്യുത പദ്ധതി (2 MW /5.14 MU), പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി (24 MW/45.02 MU), പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി (6 MW/ 24.70 MU), തൊട്ടിയാർ ജലവൈദ്യുതപദ്ധതി (40 MW/ 99 MU), പൊരിങ്ങൽക്കുത്ത് മൈക്രോ (0.036 MW, 0.25 MU) പള്ളിവാസൽ വിപുലീകരണം പദ്ധതി (60 MW, 153.90 MU) ഉൾപ്പെടെ 132.036 MW-ന്റെ ജലവൈദ്യുത പദ്ധതികൾ KSEBL മുഖേന പൂർത്തിയാക്കി.<br>• **127.50 MW** ശേഷിയുള്ള **8 ജല വൈദ്യുത പദ്ധതികളുടെ** നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനുള്ള ക്രിയാത്മകമായ ശ്രമങ്ങൾ സർക്കാർ നടത്തി വരുന്നു. ഇതിൽ നിർമ്മാണം പുരോഗമിക്കുന്ന ജലവൈദ്യുത പദ്ധതികൾ ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി (24 MW) മാങ്കുളം ജലവൈദ്യുത പദ്ധതി (40 MW), ചെങ്കുളം ഓഗ്മെന്റേഷൻ (85 MU) ഒലിക്കൽ ചെറുകിട ജല വൈദ്യുത പദ്ധതി (5 MW), പൂവാരംതോട് ചെറുകിട ജല വൈദ്യുത പദ്ധതി (3MW), അപ്പർ ചെങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതി (24 MW) എന്നിവയാണ്.<br><br>ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിലും പൂർത്തീകരണത്തിലുമുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ട്. |

**2021-2026** കാലഘട്ടത്തിൽ സംസ്ഥാ നത്ത് വൈദ്യുത ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സംരംഭകർ മുഖേന ആനക്കാംപൊയിൽ **(8 MW),** അരിപ്പാറ **(4 MW),** മുക്കടം **(4 MW)** ചെറുകിട ജല വൈദ്യുത പദ്ധതി എന്നിവ കമ്മീഷൻ ചെയ്യുകയും ഗ്രിഡിലേക്ക് വൈദ്യുതി ഉല്പാദനം ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു .

(ബി) മുടങ്ങിക്കിടന്ന ഏതെല്ലാം ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) 40MW ശേഷിയുള്ള തോട്ടിയാർ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലായിരുന്നതിനാൽ 2017-ൽ കരാർ ഫോർക്ലോസ് ചെയ്യുകയും ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2018-ൽ കരാർ നൽകുകയും ചെയ്തു. പ്രതികൂല കാലാവസ്ഥ, കോവിഡ് മഹാമാരി തുടങ്ങിയ പ്രതിസന്ധികളെ അതിജീവിച്ച് പ്രസ്തുത പദ്ധതി 28.10.2024-ൽ കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

60 MW ശേഷിയുള്ള പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം പദ്ധതിയുടെ നിർമ്മാണ കരാർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിശ്ചിത പുരോഗതി കൈവരിക്കാൻ സാധിക്കാത്തതിനാൽ 2018-ൽ ടെർമിനേറ്റ് ചെയ്യുകയും ബാക്കിയുള്ള നിർമ്മാണ പ്രവർത്തന ങ്ങൾക്ക് 2018-ൽ വ്യത്യസ്ഥ കരാറുകൾ നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഡിസംബർ 2024 മുതൽ പ്രസ്തുത പദ്ധതിയിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ ഉള്ള ഉത്പാദനം നടന്നു വരുന്നു.

ഇ.എം.സി - എസ്.എച്ച്.പി സെൽ മുഖേന സർക്കാർ സ്വകാര്യ സംരംഭകർക്ക്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിർമ്മാണം ആരംഭിച്ച് മുടങ്ങി കിടക്കുന്ന പദ്ധതികൾ ഒന്നും ഇല്ല.

(സി) ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ആകെ വൈദ്യുതി ഉല്പാദനം എത്രയാണ്; ഈ സർക്കാരിന്റെ കാലയളവിൽ ഉല്പാദനത്തിലുണ്ടായ വർദ്ധനവ് എത്രയാണ്; വിശദാംശം നൽകാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ, കെ.എസ്.ഇ.ബി. ലിമിറ്റഡ്-ന് കീഴിൽ വരുന്ന ജലവൈദ്യുത നിലയങ്ങളുടെ സ്ഥാപിത ശേഷിയും, ആകെ വൈദ്യുതി ഉൽപ്പാദനവും താഴെ പറയും പ്രകാരമാണ്.

| **സാമ്പത്തിക വർഷം** | **ജലവൈദ്യുത നിലയങ്ങളുടെ ആകെ സ്ഥാപിത ശേഷി (in MW)** | **മൊത്തം ഉത്പാദനം (in MU)** |
|---|---|---|
| 2021-22 | 2063 | 9822.99 |
| 2022-23 | 2087.10 | 8636.52 |
| 2023-24 | 2096.3 | 5647.09 |
| 2024-25 | 2196.3 | 7343.76 |

ഈ സർക്കാരിന്റെ കാലയളവിൽ പുനരുപയോഗ ഊർജ്ജ ഉല്പാദന രംഗത്ത് ജലവൈദ്യുത പദ്ധതികൾ വഴി ആഭ്യന്തര

| | | | |
|---|---|---|---|
| | | | വൈദ്യുതോത്പാദനത്തിൽ **132.036** മെഗാവാട്ടിന്റെ വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ഈ രംഗത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ? | (ഡി) | കെ.എസ്.ഇ.ബി.എൽ പുതുതായി ചുവടെ ചേർക്കുന്ന വിവിധ പ്രോജക്ടുകൾ ആരംഭിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>* 2030-ഓടെ കെ.എസ്.ഇ.ബി.എൽ പുതുതായി 88MW ശേഷിയുള്ള ചെറുകിട ഹൈഡ്രോ പദ്ധതികൾ ലക്ഷ്യമിടുന്നു.<br><br>* ഏകദേശം **1179.10 മെഗാവാട്ട്** സ്ഥാപിത ശേഷി വരുന്ന **7** ജലവൈദ്യുത പദ്ധതികളുടെ പര്യവേഷണവും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കലും നടന്നു വരുന്നു.<br><br>*** <u>പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ</u>**<br><br>വൈദ്യുതി പ്രതിസന്ധി പരിഹരിക്കു ന്നതിന് പ്രകൃതിദത്ത ബാറ്ററി സ്റ്റോറേജുകൾ എന്ന നിലയിൽ ആണ് പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ കെ.സ്.ഇ.ബി.എൽ ആവിഷ്കരിച്ചിരിക്കുന്നത്. കെ.എസ്.ഇ.ബി.എൽ **2000 MWന്റെ 4 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്ക്** മുൻഗണന നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ എല്ലാം തന്നെ കെ.എസ്.ഇ.ബി.എൽ ന്റെ നിലവിൽ ഉള്ള അണക്കെട്ടുകളുമായി ബന്ധപ്പെട്ടവയാണ്. പദ്ധതികളുടെ പര്യവേഷണവും വിശദമായ പദ്ധതി നിർവ്വഹണ റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>ഇതുകൂടാതെ നിലവിൽ **3000 MWന്റെ 3 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ** സാധ്യതാ പഠനം നടന്നുകൊണ്ടിരിക്കുന്നു.<br><br>• നവീകരിച്ച ചെറുകിട ജല വൈദ്യുത നയം സർക്കാരിന്റെ പരിഗണയിലാണ്. കൂടാതെ<br>• സ്വകാര്യ / സഹകരണ/ പൊതുമേഖല/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ പ്രയോജ നപ്പെടുത്തി പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുവാനുള്ള സംസ്ഥാന പമ്പ്ഡ് സ്റ്റോറേജ് നയത്തിന്റെ കരടും സർക്കാരിന്റെ സജീവ പരിഗണയിലാണ്. |

സെക്ഷൻ ഓഫീസർ